## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2987

13.03.2018-ൽ മറുപടിക്ക്

### നിലമ്പൂർ മണ്ഡലത്തിൽ പുഴകളും കുളങ്ങളും സംരക്ഷിക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.വി. അൻവർ | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) നിലമ്പൂർ മണ്ഡലത്തിൽ ജനകീയ കൂട്ടായ്മയിൽ പുഴകളും കുളങ്ങളും സംരക്ഷിക്കുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) നിലമ്പൂർ മണ്ഡലത്തിലുൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ ജനകീയ കൂട്ടായ്മയിൽ പുഴകളും കുളങ്ങളും സംരക്ഷിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് തലത്തിൽ പദ്ധതികളാവിഷ്കരിച്ചിട്ടില്ല. എന്നാൽ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന മാലിന്യമുക്ത ചാലിയാർ പദ്ധതിയുടെയും ക്ലീൻ വഴിക്കടവ് പദ്ധതിയുടെയും ഹരിതകേരള മിഷന്റെ ഭാഗമായും മാലിന്യ നിർമ്മാർജ്ജനത്തിനും പുഴകളും കുളങ്ങളും സംരക്ഷിക്കുന്നതിനും ജനകീയ കൂട്ടായ്മയിൽ വിവിധ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.<br><br>നിലമ്പൂർ നഗരസഭയിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ വാർഡുകളിൽ തോട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ കുതിരപ്പുഴ, ചാലിയാർ പുഴ, കുരുരുട്ടികടവ്, കരിമ്പുഴ എന്നീ പുഴകളിൽ ജലസംരക്ഷണത്തിന് തടയണ നിർമ്മാണം നടന്നു വരുന്നു. 2018-19 വർഷത്തിൽ നീർത്തടാധിഷ്ഠിത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| (ബി) | എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതിയായ വഴിക്കടവ് - പുന്നക്കൽ കുടിവെള്ള പദ്ധതിയുടെ ഫയലിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ; പ്രസ്തുത ഫയലിൽ നടപടി സ്വീകരിക്കാതെ വൈകിപ്പിച്ച ഉദ്യോഗസ്ഥന്റെ പേരും, തസ്തികയും വിലാസവും അറിയിക്കാമോ; ഫയൽ വൈകിപ്പിച്ചതിന് നടപടി സ്വീകരിക്കുമോ; | ബി) & സി) എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ വെള്ളക്കട്ട-പുന്നയ്ക്കൽ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷ എഫ്.എം.3/81/2017/തസ്വഭവ നമ്പർ ഫയലിൽ നടപടി സ്വീകരിച്ച്, 19/06/2017 ലെ സ.ഉ. (സാധാ) 2029/17/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 2016-17 വർഷത്തെ ശ്രീ.പി.വി.അൻവർ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 10 ലക്ഷം രൂപ പ്രസ്തുത കുടിവെള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br><br>വഴിക്കടവ് - പുന്നക്കൽ കുടിവെള്ള പദ്ധതി ആദ്യം വിഭാവനം ചെയ്തിരുന്നത് കാട്ടരുവിയിൽ നിന്നും ജലം ശേഖരിച്ച് വിതരണം ചെയ്യുന്ന രീതിയിൽ ആണ്. ഇപ്രകാരം ചെയ്യുന്നതിന് ഏകദേശം 3 കിലോമീറ്റർ ദൂരത്തോളം വനത്തിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്. ഇപ്രകാരം പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായിട്ടുള്ളതാണ്. പ്രസ്തുത അനുമതി ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നതിന് സാഹചര്യം ഉള്ളതിനാൽ ടി പ്രൊപ്പോസൽ ഉപേക്ഷിക്കുകയും കിണറും ടാങ്കും നിർമ്മിക്കാൻ തീരുമാനിക്കുകയും അതിന് വേണ്ട സ്ഥലം ഒരു മാസം മുമ്പ് മാത്രമാണ് കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളത്. നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭിച്ചാൽ മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കാൻ കഴിയൂ. പ്രവൃത്തിയുടെ നിർവഹണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റങ്ങൾ കാരണം വരാവുന്ന സ്വാഭാവിക കാലതാമസം വന്നിട്ടുള്ളതായി മലപ്പുറം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ ലഭ്യമായ സ്ഥലത്തിനനുസരണമായി എസ്റ്റിമേറ്റ് തയ്യാർ ചെയ്ത് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്തിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ എടുത്ത നടപടി വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ